ഭരണഭാഷ മാതൃഭാഷ

**KERALA STATE BIODIVERSITY BOARD**

L-14, Jai Nagar, Medical College (P.O), Thiruvananthapuram – 695 011
Tele fax: 0471-2448234 | Ph: 0471-2554740
E-mail: keralabiodiversity@gmail.com | Website: www.keralabiodiversity.org

An autonomous and statutory body of Government of Kerala

No. 1275/ABS Cell/2014/KSBB/

സർ/ മാഡം,

വിഷയം:- 2002-ലെ ജൈവവൈവിധ്യ നിയമം, സെക്ഷൻ 7, 2004 ലെ ജൈവവൈവിധ്യ ചട്ടം സെക്ഷൻ 16, 2008 -ലെ കേരളാ ജൈവവൈവിധ്യ ചട്ടം എന്നിവ പ്രകാരമുള്ള നോട്ടീസ്

2002-ലെ ജൈവവൈവിധ്യ നിയമം സെക്ഷൻ-7, ഭാരത്തിൽ രജിസ്റ്റർ ചെയ്തതും ജൈവവിഭവങ്ങളെ വാണിജ്യ തോതിൽ ഉപയോഗിക്കുന്നതുമായ വ്യവസായങ്ങൾക്കു ബാധകമാണ്. നിങ്ങളുടെ കമ്പനി/സ്ഥാപനം/വ്യവസായസംരംഭം ജൈവവിഭങ്ങളെ വാണിജ്യതോതിൽ ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് ജൈവവൈവിധ്യ നിയമം 2002, സെക്ഷൻ-7 പ്രകാരം ഇതു സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡിനെ മുൻകൂട്ടി അറിയിക്കുന്നത് നിർബന്ധിതമാണെന്ന വിവരം അറിയിക്കുന്നു. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**ജൈവവൈവിധ്യ നിയമം, 2002 സെക്ഷൻ 2 (c)**

"ജൈവവിഭവങ്ങൾ" - ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ സാധ്യത ഉള്ളതോ ആയ സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മ ജീവികൾ, അവയുടെ ഭാഗങ്ങൾ, ജനിതകവസ്തുക്കൾ, ഉപോൽപ്പന്നങ്ങൾ (മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഒഴികെ) എന്നിവ ഇതിലുൾപ്പെടും. എന്നാൽ മനുഷ്യന്റെ ജനിതക വസ്തു ഇതിൽപ്പെടില്ല.

**ജൈവവൈവിധ്യ നിയമം, 2002 സെക്ഷൻ 2 (f)**

"വാണിജ്യതോതിലുള്ള ഉപയോഗം" - ജൈവവിഭവങ്ങളെ ഔഷധങ്ങൾ, വ്യവസായിക എൻസൈമുകൾ, ഭക്ഷ്യ ഫ്ലേവറുകൾ, സുഗന്ധ പദാർത്ഥങ്ങൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ, എമൽസിഫയറുകൾ, ഒളിയോറെസിനുകൾ, നിറങ്ങൾ, സത്തുക്കൾ എന്നിവയുടെ നിർമ്മാണത്തിനായും അവയുടെ ജീനുകളെ വിളകളുടെയും വളർത്തുമൃഗങ്ങളുടെയും ജനിതകമാർഗത്തിലുള്ള മെച്ചപ്പെടുത്തലിനായും ഉപയോഗപ്പെടുത്തുന്നത്. എന്നാൽ പരമ്പരാഗത മാർഗത്തിലുള്ള സങ്കരണമോ കൃഷി, ഉദ്യാനകൃഷി, കോഴിവളർത്തൽ, ക്ഷീരവ്യവസായം, മൃഗപരിപാലനം, തേനീച്ച വളർത്തൽ എന്നിവയോ ഇതിലുൾപ്പെടില്ല.

**ജൈവവൈവിധ്യ നിയമം, 2002 സെക്ഷൻ 2 (g)**

"നേട്ടങ്ങളുടെ ന്യായവും തത്തുല്യവുമായ പങ്കുവയ്ക്കൽ" - എന്നാൽ നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റി സെക്ഷൻ 21 പ്രകാരം തീരുമാനിച്ച, നേട്ടങ്ങളുടെ പങ്കുവയ്ക്കൽ.

**ഒഴിവാക്കൽ**: സാധാരണഗതിയിൽ ഉത്പ്പന്നങ്ങളായി വിപണനം ചെയ്യപ്പെടുന്ന ജൈവവിഭങ്ങൾ. (www.keralabiodiversity.org ൽ Exemptions കാണുക)

ജൈവവിഭവങ്ങളെ വാണിജ്യതോതിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള ശേഖരണത്തിനായി ബോർഡിന്റെ അംഗീകാരം നേടുന്നതിന് **ഫോറം-1** എന്ന നിശ്ചിത ഫോറത്തിൽ ഉടനെ തന്നെ അപേക്ഷിക്കണം. അപേക്ഷയോടൊപ്പം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം എന്ന പേരിൽ എതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നെടുത്ത 1000 രൂപയുടെ ചെക്കോ ഡിമാന്റ് ഡ്രാഫ്റ്റോ അടക്കം ചെയ്യേണ്ടതുണ്ട്.

നിശ്ചിത സമയത്തിനകം **ഫോറം-1** ൽ ഇതു സംബന്ധിച്ച വിവരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിനെ അറിയിച്ചില്ലെങ്കിൽ അതു ജൈവവൈവിധ്യ നിയമം, 2002 സെക്ഷൻ 7, 24 എന്നിവ പ്രകാരം കുറ്റകരമായിരിക്കുന്നതും ജൈവവൈവിധ്യ നിയമം, 2002, സെക്ഷൻ 55(2) പ്രകാരം മേൽ സൂചിപ്പിച്ച നിബന്ധനകൾ പാലിക്കാതിരിക്കുന്നതിന് 3 വർഷത്തിൽ കവിയാതെ തടവോ, 5 ലക്ഷം രൂപവരെ പിഴയോ അല്ലെങ്കിൽ രണ്ടുമോ ശിക്ഷയായി ലഭിക്കുന്നതുമാണ്.

**സെക്ഷൻ 56 പ്രകാരം:-** ഈ നിയമത്തിൽ ശിക്ഷ പ്രത്യേകമായി വ്യക്തമാക്കിയിട്ടില്ലാത്ത കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാർ, നാഷണൽ ബയോ ഡൈവേഴ്സിറ്റി അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ എന്നിവ നൽകുന്ന നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ വിരുദ്ധമായി പ്രവർത്തിക്കുന്നതിന് പിഴ ഈടാക്കുന്നതാണ്. ഒറ്റത്തവണത്തെ ലംഘനത്തിന് 1 ലക്ഷം രൂപ പിഴയും, തുടർന്നോ രണ്ടാമതോ ഉള്ള ലംഘനത്തിന് 2 ലക്ഷം രൂപ വരെ പിഴയും, തുടർച്ചയായ ലംഘനത്തിന് ദിവസവും 2 ലക്ഷം രൂപ പിഴയും ഈടാക്കാം.

**സെക്ഷൻ 57(1) പ്രകാരം:-** ഈ നിയമത്തിന്റെ ലംഘനമോ പാലിക്കാതിരിക്കലോ ഒരു കമ്പനിയാണ് ചെയ്യുന്നതെങ്കിൽ, ഇതു ചെയ്യുന്ന സമയത്ത് ചുമതലയിലുണ്ടായിരുന്നതോ ഉത്തരവാദിയായതോ ആയ വ്യക്തികളും കമ്പനിയും കുറ്റം ചെയ്തതായി കരുതപ്പെടുകയും ഇവർക്കെതിരെ നടപടികൾ സ്വീകരിച്ച് തദനുസൃതമായ ശിക്ഷയ്ക്കു വിധേയമാക്കുകയും ചെയ്യും.

**സെക്ഷൻ 58 പ്രകാരം:-** ഇതുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കോടതിയുടെ അധികാരപരിധിയിൽ വരുന്നതും ജാമ്യം ലഭിക്കാത്ത കുറ്റവുമായിരിക്കും.

**സെക്ഷൻ 59 പ്രകാരം:-** ഈ നിയമത്തിലെ നിബന്ധനകൾ വനവും വന്യജീവികളുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലവിലുള്ള ഒരു നിയമത്തിലെ വ്യവസ്ഥകളെയും ലഘൂകരിക്കാത്തതും അവയ്ക്കു പുറമേയുള്ളതുമായിരിക്കുന്നതാണ്.

ഈ നോട്ടീസ് പ്രകാരം ജൈവവൈവിധ്യ നിയമം, 2002, ചട്ടങ്ങൾ 2004 എന്നിവയിലെയും കേരള ജൈവവൈവിധ്യ ചട്ടം 2008-ലെയും നിബന്ധനകൾ സത്വരമായി അനുസരിക്കണമെന്നും അല്ലാത്തപക്ഷം ജൈവവൈവിധ്യ നിയമം, 2002 ലെ വ്യവസ്ഥകൾ പ്രകാരം ഈ നിയമത്തിലെ നിബന്ധനകൾ ലംഘിച്ചതിന് നിങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കാനാവുമെന്നും ഇതിനാൽ അറിയിക്കുന്നു.

അപേക്ഷാഫോറം (ഫോറം-1) www.keralabiodiversity.org. എന്ന സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട ചോദ്യാവലിയും (Inventorying Industries Involved in Utilization of Bio-resources in Kerala) പൂരിപ്പിച്ചു നൽകണമെന്ന് അപേക്ഷിക്കുന്നു.

അധിക വിവരങ്ങൾക്ക് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, എൽ 14, ജയ് നഗർ, മെഡിക്കൽകോളേജ് പി. ഒ., തിരുവനന്തപുരം 695 011, ഫോൺ: 04712554740, 2559134, ഫാക്സ്:- 0471 2448234 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

**ഡോ. കെ.പി. ലാലാദാസ്**

**മെമ്പർ സെക്രട്ടറി**